## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 4475

20.10.2011 ൽ മറുപടി
നൽകേണ്ടിയിരുന്നത്

**അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. സി.എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്ന എന്തൊക്കെ സംവിധാനങ്ങളും സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | എ) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയിൽ ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവ്വീസ് ഫൌണ്ടേഷൻ കോഴ്സുകൾ, ഡെപ്യൂട്ടി കളക്ടേഴ്സ് സെലക്ഷൻ കോഴ്സ്, ബാങ്ക് പ്രൊബേഷണറി ഓഫീസർ/ക്ലാർക്ക് തസ്തികകളിലേയ്ക്കുള്ള പരിശീലന ക്ലാസ്സുകൾ എന്നിവ നടത്തുന്നുണ്ട്.<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം തിരുവനന്തപുരം സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിലും നൽകി വരുന്നു. |
| ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ വരുന്ന ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്; | ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ വരുന്ന ഉദ്യോഗാർത്ഥികൾക്ക് താഴെ പറയുന്ന സ്ഥാപനങ്ങളിൽ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.<br>1.പി.ഇ.റ്റി.സി,തിരുവനന്തപുരം/ എറണാകുളം/പാലക്കാട്/ കോഴിക്കോട്<br>2.സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, ഐ.എൽ എം. ബിൽഡിംഗ്, പി.റ്റി.പി. നഗർ. തിരുവനന്തപുരം |

3. CREST, കോഴിക്കോട്
4. NIIT
5. കെൽട്രോൺ
6. സൈബർ ശ്രീ
7. Tandam

| | | | |
|---|---|---|---|
| സി) | പ്രാദേശിക തലങ്ങളിൽ സിവിൽ സർവ്വീസ് പരീക്ഷകൾക്ക് തയ്യാറാകുന്ന പരിശീലന സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ഉദ്ദേശമുണ്ടോ; വിശദീകരിക്കാമോ? | സി) | പാലക്കാട്ടും, കോഴിക്കോട്ടും, എറണാകുളത്തും സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ